പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.183</u> <u>19/06/2012- ൽ മറുപടിക്ക്</u>

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ.കെ.ടി.ജലീൽ<br>ശ്രീ.എളമരം കരീം<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.സാജു പോൾ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി. |
| എ | പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണം ഉപേക്ഷിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ; | എ | പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യ വത്ക്കരണം ഈ സർക്കാരിന്റെ നയമല്ല. |
| ബി | പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് വികസിപ്പിക്കുന്നതിന് മുൻ സർക്കാർ സ്വീകരിച്ച നടപടികൾ തുടർന്നു കൊണ്ടുപോകാൻ പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖല യിൽ തന്നെ നിലനിർത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നത്. വിശദവിവരം അനുബന്ധം -1 ൽ ചേർത്തിട്ടുണ്ട്. |
| സി | മുൻ സർക്കാർ ആരംഭിച്ച 11 പുതിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം തുടരുന്നതിന് നടപടി സ്വീകരിക്കുമോ; അവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ വിശദമക്കാമോ ? | സി | മുൻസർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയതായി ആരംഭിച്ച യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും മെഷിനറികളെല്ലാം സ്ഥാപിച്ച് വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്. ഇവയിൽ ചില യൂണിറ്റുകളിൽ ഇപ്പോൾ പ്രവർത്തനം നടക്കുന്നുണ്ട്.<br><br>പുതിയ യൂണിറ്റുകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിന് നേരത്തെ നടത്തിയ വിജ്ഞാപനത്തിലെ മാനദണ്ഡങ്ങളിലും നിയമനങ്ങൾക്കായി നടത്തിയ നടപടിക്രമങ്ങളിലും ക്രമക്കേടുകൾ ആരോപിച്ചുകൊണ്ട് ബഹു. ഹൈക്കോടതിയിൽ കേസുകൾ |

പരിശോധനയുടെ അടിസ്ഥാനത്തിൽ, മുൻപ് സ്വീകരിച്ച നടപടി ക്രമങ്ങളും തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളും റദ്ദാക്കിയിട്ടുണ്ട്. പുതിയതായി ആരംഭിച്ച എല്ലാ യൂണിറ്റുകളും കഴിവതുവേഗം പ്രവർത്തന സജ്ജമാക്കുന്ന തിന്റെ ഭാഗമായി ജീവനക്കാരെ നിയമിക്കുന്നതിനായി നിലവിലുള്ള എല്ലാ സംവരണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് ഒഴിവുകൾ നികത്തുവാൻ ഉത്തരവായിട്ടുണ്ട്. സുതാര്യമായ നടപടി ക്രമങ്ങളിലൂടെ നിയമന നടപടികൾക്ക് നേതൃത്വം വഹിക്കുവാൻ RIAB-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുവേണ്ടി NICയുടെ പോർട്ടൽ ഉപയോഗിച്ച് Online ൽ അപേക്ഷകൾ ക്ഷണിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അടുത്ത മൂന്നു മാസത്തിനുള്ളിൽ ഈ യൂണിറ്റുകളിലേക്കുള്ള നിയമനങ്ങൾ പൂർത്തിയാക്കി വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം പൂർണ്ണതോതിൽ ആരംഭിക്കുന്നതാണ്.

ഓരോ യൂണിറ്റിനേയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസ് ബോർഡ് (PSEB) രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്പോൾ ബി.പി.ഇ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ ഭാഗമായി പ്രവർത്തിച്ചുകൊണ്ട്, പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതികൾ, Public Enterprises Board -ന്റെയും സർക്കാരിന്റെയും അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

PSEBയ്ക്ക് കേന്ദ്രീകൃതമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്തുവാനുള്ള അംഗീകാരവും, പ്രവർത്തന അവലോകനം നടത്തുന്നതിനും, ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ കണ്ടെത്തുവാനുള്ള അധികാരവും നൽകുന്നകാര്യം പരിശോധിച്ചുവരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്ക് PSEB യിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലിചെയ്യുന്നതിനുള്ള അവസരം ലഭിക്കാൻ Common Management Cadre വിഭാവന ചെയ്യുന്നുണ്ട്.

E-governance സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന് ഇലക്ട്രോണിക് പ്രൊക്യുർമെന്റ് സംവിധാനം, സ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം (ERP) 2012-13 ൽ തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും e-governance ന്റെ ഭാഗമായി ഏർപ്പെടുത്തിക്കഴിഞ്ഞു.

സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽ ക്കരണ പദ്ധതികൾക്കുമായി 2012-13 സാമ്പത്തിക വർഷത്തിൽ 70.20 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി അതിൽ നിന്നും തുക അനുവദിച്ചു വരുന്നു.

കൂടാതെ കശുവണ്ടി വ്യവസായത്തിന്റെ നവീകരണത്തിനായി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപ

ങ്ങൾക്ക് ഈ വർഷം കൂടുതലായി 65 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

ഇതിനുപുറമെ താഴെപറയുന്ന പൊതുമേഖലാസ്ഥാപനങ്ങൾക്ക് കൂടുതൽ ധനസഹായം അനുവദിക്കു ന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Rehabilitation of Textile Sector | Rs.60.00 Cr |
| Setting up of an Aero Space Centre by a Joint venture of KELTRON and VSSC | Rs.10.00 Cr |
| Handicrafts Development Corporation Ltd | Rs.5.00 Cr |
| Modern equipments in KEMDEL | Rs.2.00 Cr |
| **Total** | **Rs.77.00 Cr** |

മേൽപ്പറഞ്ഞ പദ്ധതികൾക്കുള്ള ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തു ന്നതിനും, കൃത്യമായ വരവ് ചെലവ് കണക്കാക്കി ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്ത്വമുള്ളവരാക്കുന്ന തിനും വേണ്ടി കേന്ദ്ര പൊതുമേഖലയിൽ നടപ്പിലാക്കി വരുന്ന MoU സംവിധാനം 2012-13 മുതൽ നടപ്പിൽ വരുത്തുന്നതാണ്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൽപ്പാദന സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള വ്യക്തമായ പദ്ധതികൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മാർക്കറ്റ് സർവേയുടെ അടിസ്ഥാനത്തിൽ വിപണി വിപുലപ്പെടുത്തുവാനുള്ള പദ്ധതികൾ സമർപ്പിക്കു വാനും നിർദ്ദേശിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനും, യോഗ്യരായ ജീവനക്കാരെ നിയമിക്കുന്നതിനു മായി ഒരു ദീർഘകാല പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

പൊതുമേഖലാസ്ഥാപനങ്ങൾ തുടക്കം കുറിച്ച പുതിയ യൂണിറ്റുകളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>Komalapuram Spinning Mills, Alappuzha -Kerala State Textile Corporation Ltd-</u>

ഈ യുണിറ്റിനാവശ്യമായ മെഷിനറികളെല്ലാം സ്ഥാപിക്കുകയും, വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിക്കുന്നതിനായി യുണിറ്റ് സജ്ജമായിട്ടുമുണ്ട്. കേരള സ്പിന്നേഴ്സ് എന്ന പഴയ സ്ഥാപനത്തിനു KSEBയ്ക്ക് നൽകുവാനുള്ള കുടിശ്ശികകൾ അടയ്ക്കുന്നതിനായി Rs.45.34 ലക്ഷം രൂപ ഈ സർക്കാർ നൽകുകയും, വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ജീവനക്കാരുടെ നിയമനം പൂർത്തിയാകുന്നമുറക്ക് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

2. **<u>Hi-tech Weaving Mill,Pinarayi - Kerala State Textile Corporation Ltd</u>**

Hi-Tech Weaving Mill പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ മെഷിനറിക ളെല്ലാം സ്ഥാപിച്ച് ഉൽപ്പാദനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനായി സജ്ജമായിട്ടുണ്ട്.

3. <u>Hi Tech Spinning Mill, Uduma, Kasargode, Kerala State Textile Corporation Ltd</u>

ഈ മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ച് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുവാൻ തയ്യാറായിക്കഴിഞ്ഞു.

4. <u>Tool room cum Training Centre, Kozhikode, Kerala Small Industries Development Corporation Ltd</u>

പദ്ധതിയ്ക്കാവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ പുർത്തിയായിട്ടുണ്ട്. എല്ലാ മെഷിനറികളും സ്ഥാപിച്ചു കഴിഞ്ഞു. വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ചെറിയ തോതിൽ നടന്നു വരികയാണ്.

5. <u>Tool Room cum Training Centre, Kuttippuram, KSEDC</u>

പദ്ധതിയ്ക്കാവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾപുർത്തിയായിട്ടുണ്ട്. എല്ലാ മെഷിനറികളും സ്ഥാപിച്ചു കഴിഞ്ഞു. വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുവാൻ തയ്യാറായിക്കഴിഞ്ഞു. ഇവിടുത്തെ സൗകര്യങ്ങൾ ഉപയോഗിച്ച് NTTF ന്റെ സഹായത്തോടെ ഒരു training centre തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6. <u>House wiring Cable Unit, Pinarayi</u>

House Wiring Cable Unitൽ പരീക്ഷണാടിസ്ഥാനത്തിൽ ഉൽപാദനം നടത്തുകയും ഉൽപ്പന്നം വിപണനം നടത്തുന്നതിനും സജ്ജമായിക്കഴിഞ്ഞു. വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിക്കുന്നതിന് തയ്യാറായി ക്കഴിഞ്ഞു.

7. <u>Container Freight Station of Kerala State Industrial Enterprises Ltd, Ernakulam</u>

Administrative ബിൽഡിംഗും, വെയർ ഹൗസ്-1 ഉം പൂർത്തിയായി. വെയർ ഹൗസ് 2 Yard ന്റെ concreting എന്നിവയുടെ പണി അവസാനഘട്ടത്തിലാണ്. ജൂലൈ അവസാനത്തോടുകൂടി പ്രവർത്തന സജ്ജമാവുന്നതാണ്.

8. <u>LCD Meter Unit, Palakkad - United Electrical Industries Ltd</u>

ഈ പദ്ധതിയ്ക്കായി കണ്ണാടി പഞ്ചായത്ത് ഒരേക്കർ സ്ഥലം ലീസ് വ്യവസ്ഥയിൽ നൽകിയെങ്കിലും റോഡ് നിർമ്മാണം തടസ്സപ്പെട്ടതിനാൽ യൂണിറ്റിന്റെ ഉദ്ഘാടനം കമ്മ്യൂണിറ്റി ഹാളിലാണ് നടത്തിയത്. ഉൽപാദനം ഇതു വരെ ആരംഭിച്ചിട്ടില്ല. താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

9. **Machining Unit, Shornur of SIFL-** ഈ യൂണിറ്റിൽ വാണിജ്യാടിസ്ഥാന ത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

10 **Hi-Tech Bamboo Tile Factory, Kozhikode – KSBC** ഈ യൂണിറ്റിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ